**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3744 26.06.2012 ൽ മറുപടിയ്ക്ക്

## ഹൗസ് ബോട്ടുകളുടേയും മോട്ടോർ ബോട്ടുകളുടേയും മാലിന്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഹൗസ് ബോട്ടുകളുടേയും മോട്ടോർ ബോട്ടുകളുടേയും മാലിന്യങ്ങളിൽ നിന്നും വേമ്പനാട് കായലിനെയും കുട്ടനാട്ടിലൂടെ ഒഴുകുന്ന ആറുകളേയും തോടുകളേയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ മലിനീകരണ നിയന്ത്രണ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയുമാണ് കായൽ മലിനീകരണം ഉണ്ടാക്കുന്നത്. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. ഹൗസ് ബോട്ടിൽ നിന്നുള്ള സീവേജ് മലിനീകരണം തടയാൻ വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിൽ കുമരകത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജ് സംസ്ക്കരിക്കുന്നതിനായി ഒരു പൊതു മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും, സീവേജ് മാലിന്യം കരയിലെ സ്വന്തമായ സീവേജ് സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തിയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴി സംസ്ക്കരിക്കുകയോ ചെയ്യുന്ന ഹൗസ് ബോട്ടുകൾക്കു മാത്രമേ മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി പുതുക്കി നൽകുന്നുള്ളൂ.<br>മോട്ടോർ ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വന്നിട്ടില്ല. |
| (ബി) | പ്രസ്തുത പ്രദേശങ്ങളെ മലിനീകരണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |

(സി) ഉണ്ടെങ്കിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

(സി) കുട്ടനാട് പാക്കേജിന്റെ സ്ഥായിയായ പ്രയോജനം സിദ്ധിക്കുന്നതിനും, റാംസർ തണ്ണീർത്തടമായ വേമ്പനാട് കായലിന്റെയും, കായലിൽ പതിക്കുന്ന പ്രധാന നദികളുടെയും സംയോജിത സംരക്ഷണത്തിനായി സമഗ്രമായ ഒരു പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

റിപ്പോർട്ട് തയ്യാറാക്കാൻ ' സെസ്സി ' നെ തെരഞ്ഞെടുത്തിട്ടുണ്ട്.

കൂടാതെ കുട്ടനാട് പാക്കേജ് പ്രകാരമുള്ള വിവിധ സംരക്ഷണ നടപടികൾ, തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, കനാലുകളുടെ ശുചീകരണം, ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ അഭിവൃദ്ധിപ്പെടുത്തൽ തുടങ്ങിയ ഒട്ടനേകം പദ്ധതികൾ ഈ ദിശയിൽ നടപ്പാക്കി വരുന്നുമുണ്ട്. വേമ്പനാട് കായലിന് പ്രത്യേകമായി ഒരു സംയോജിത മാനേജ്മെന്റ് പ്ലാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരപ്രദേശ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

Basala

സെക്ഷൻ ഓഫീസർ